കേബിൾ/ഏരിയൽ ബഞ്ച് കേബിൾ (ABC) ഉപയോഗിച്ച് മാത്രം വൈദ്യുതി എത്തിക്കാൻ അനുവാദം ലഭിച്ച ചില കോളനികളിലും, വൈദ്യുതി എത്തിക്കാൻ ഏതാനും ദിവസം കൂടി ആവശ്യമാണ്.

(സി&ഡി) 2006-11 സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽപ്പെടുത്തി പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ മുഴുവൻ മണ്ഡലങ്ങൾ ഉൾപ്പെടെ 86 മണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചിരുന്നു.

### സഹകരണ സംഘം ജീവനക്കാർക്കും ആരോഗ്യ ഇൻഷ്വറൻസ്

134 (5861) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകുവാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കേരളത്തിലെ സഹകരണ സംഘം ജീവനക്കാർക്കും ബാധകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

ഈ വിഷയം സംബന്ധിച്ച പ്രൊപ്പോസൽ ഒന്നും നിലവിലില്ല.

### കോതമംഗലം മണ്ഡലത്തിലെ നീതി മെഡിക്കൽ സ്റ്റോർ

135 (5862) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സഹകരണ മേഖലയിൽ പുതുതായി നീതി മെഡിക്കൽ സ്റ്റോർ/നീതി ലാബുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) കോതമംഗലം മണ്ഡലത്തിൽ സഹകരണ മേഖലയിൽ നിലവിൽ എത്ര നീതി മെഡിക്കൽ സ്റ്റോർ/മെഡിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവ മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽ ആണെന്ന് വ്യക്തമാക്കുമോ;

(ഡി) സഹകരണ മേഖലയിൽ പുതുതായി നീതിമെഡിക്കൽ/മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? മെഡിക്കൽ സ്റ്റോർ/നീതി ലാബുകൾ

LIBRARY ARCHIVES Kerala Legislative Assembly